പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1612

14-12-2012 – ൽ മറുപടിയ്ക്ക്

## കായംകുളം മണ്ഡലത്തിലെ അഗ്രോ സർവ്വീസ് സെന്റർ

| ചോദ്യം<br>ശ്രീ. സി.കെ സദാശിവൻ | | ഉത്തരം<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കൃഷി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ വിവിധ സേവനങ്ങൾ, നടീൽ വസ്തുക്കൾ, മറ്റ് ഉല്പാദന ഉപാധികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നും കർഷകന് ലഭ്യമാക്കുന്നതിന് വേണ്ടിയാണ് കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. ഇതുവഴി തൊഴിലാളി ക്ഷാമം പരിഹരിച്ച് യന്ത്രവൽക്കരണം നടപ്പിലാക്കുന്നു. ഫാം ക്ലിനിക്കുകൾ വഴി മണ്ണ്, രോഗകീടങ്ങൾ എന്നിവ പരിശോധിച്ച് പ്രശ്നം പരിഹരിക്കുന്നു.. കൂടാതെ കാർഷിക വായ്പ, വിലനിലവാരം, വിപണനം, കാലാവസ്ഥ വ്യതിയാനം എന്നിവ സംബന്ധിച്ച വിവരങ്ങളും, വിവിധ സാങ്കേതിക ഉപദേശവും കാർഷിക സേവന കേന്ദ്രങ്ങൾ വഴി കർഷകന് ലഭിക്കും. കർഷകർക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾ വാടകയ്ക്ക് ലഭിക്കും. ടി യന്ത്രങ്ങൾക്ക് റിപ്പയർ ജോലികളും ചെയ്തു കൊടുക്കും. |
| (ബി) | കായംകുളം മണ്ഡലത്തിൽ അനുവദിച്ച അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ബി) | ജനുവരി 2013-ൽ പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ